പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1167

03/12/2015 ൽ മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാലയിലെ ജനാധിപത്യവേദികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) APJ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ ജനാധിപത്യ വേദികൾ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഘടന വ്യക്തമാക്കാമോ; | (എ) APJ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആക്ട് 2015 അധ്യായം 4 ലെ 22 ാം വകുപ്പ്പ്രകാരം സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങൾ നിർവചിച്ചിട്ടുണ്ട് ബോർഡ് ഓഫ് ഗവർണ്ണേഴ്സ്, നിർവ്വാഹക സമിതി, അക്കാദമിക സമിതി, ഗവേഷണ കൗൺസിൽ എന്നിവയാണ് സർവ്വകലാ ശാലയിലെ അധികാര സ്ഥാനങ്ങൾ. കൂടാതെ സ്റ്റാറ്റ്യൂട്ടുകളാൽ നിർവ്വചിക്കുന്ന പ്രകാരം പഠന ബോർഡുകൾ, പരീക്ഷ ബോർഡ്, ആസൂത്രണ സമിതി, വിദ്യാർത്ഥി കൗൺസിൽ മുതലായ സമിതികളെ നിയമിക്കുവാൻ വൈസ് ചാൻസിലർക്ക് അധികാരമുണ്ട്. |
| (ബി) ജനാധിപത്യവേദികളിൽ സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപകേതര ജീവനക്കാരെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) സാങ്കേതിക സർവ്വകലാശാല ആക്ട് പ്രകാരം ഇതിനുവേണ്ടതായ വ്യവസ്ഥയില്ല. |

| | |
|---|---|
| (സി APJ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ നിലവിലുള്ള ജീവനക്കാരുടെ വിവരം ലഭ്യമാക്കുമോ; മറ്റ് യൂണിവേഴ്സിറ്റികളിലെ ജീവനക്കാർക്ക് സാങ്കേതികസർവ്വകലാശാലയിലേക്ക് വരുന്നതിന് സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) നിലവിൽ APJ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരായ വൈസ് ചാൻസിലർ, പ്രൊ-വൈസ് ചാൻസിലർ, രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, എന്നിവരുണ്ട്. APJ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| (ഡി) 2015-16 സാമ്പത്തിക വർഷം സർക്കാർ ഗ്രാന്റായി എത്ര രൂപ സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്? | (ഡി) 2015-16 വർഷത്തിലേയ്ക്ക് പ്ലാൻ ഫണ്ടിൽ നിന്നും 18 കോടി രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ